File No.DME/2208/2020-G5

രജിസ്റ്റേർഡ് തപാൽ / ഇ - മെയിൽ

ഭരണ ഭാഷ മാതൃഭാഷ

ഇ.മെയിൽ : dir.dme@kerala.gov.in,
dmekerala@gmail.com

ഫാക്സ് : 0471-2443080

DME
മെഡിക്കൽ വിദ്യാഭ്യാസ കാര്യാലയം
DIRECTORATE OF MEDICAL EDUCATION

ഫോൺ: (ഓഫീസ്) : 0471-2528575
ഡയറക്ടർ: 0471-2444011
മെഡിക്കൽകോളേജ്. പി.ഒ,
തിരുവനന്തപുരം-695011

കേരള സർക്കാർ

## മെഡിക്കൽ വിദ്യാഭ്യാസ വകുപ്പ് കാര്യാലയം

നമ്പർ. DME/2208/2020-G5

തീയതി: 22/04/2021

## പരിപത്രം

വിഷയം : മെ.വി.വ - **ലക്ചറർ ഇൻ മെഡിക്കോസോഷ്യോളജി** തസ്തികയിലെ നിലവിലുള്ള ഒഴിവുകൾ തസ്തിക മാറ്റം മുഖേന നികത്തുന്നതിനായി യോഗ്യരായ ജീവനക്കാരിൽ നിന്നും അപേക്ഷ ക്ഷണിക്കുന്നത് - സംബന്ധിച്ച്.

പരാമർശം : 1. സർക്കാർ ഉത്തരവ് നമ്പർ GO (MS) 94/92/ H&GWD തീയതി: 6.7.1992.
2. സർക്കാർ കത്ത് നമ്പർ ബി2/8/2021/ആകുവ തീയതി: 05.04.2021.

പരാമർശം (1) സർക്കാർ ഉത്തരവിന്റേയും, പരാമർശം (2) സർക്കാർ കത്തിലെ നിർദ്ദേശത്തിന്റേയും അടിസ്ഥാനത്തിൽ, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ മെഡിക്കൽ കോളേജുകളിൽ "ലക്ചറർ ഇൻ മെഡിക്കോസോഷ്യോളജി" തസ്തികയിൽ, നിലവിലുള്ള രണ്ട് ഒഴിവുകളും, 01.06.2021-ൽ നിലവിൽ വരുന്ന ഒരു ഒഴിവും ബൈ ട്രാൻസ്ഫർ മുഖേന നികത്താൻ തീരുമാനിച്ചിരിക്കുന്നു. ടി തസ്തികയുടെ ശമ്പള സ്കെയിൽ, യോഗ്യത, നിയമന രീതി എന്നിവ ചുവടെ ചേർക്കുന്നു.

**ശമ്പള സ്കെയിൽ**

Rs. 15600-39100 + 5400 AGP, (UGC), Revised pay matrix level 10, as per Clause 8. 3 of GO(P)No.54/2020/H&FWD dated.11-09-2020.

**യോഗ്യത, നിയമന രീതി**

യോഗ്യത : Master's Degree in Sociology II class.

നിയമന രീതി:

(1) By transfer from qualified Rehabilitation Co-ordinator.
(In the absence of qualified hands under item (1) above)
(2) By transfer from Enquiry Officer / Social Scientist on Rs.1220-2150.
(In the absence of qualified hands under items (1) and (2) above)
(3) By transfer from Social Scientist on Rs.1050 - 1830.
(In the absence of qualified hands under items (1), (2) and (3) above)
(4) By Direct Recruitment.

മേൽ പരാമർശിച്ച യോഗ്യതയുള്ള (Master's Degree in Sociology II class)

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ "Rehabilitation Co-ordinator" തസ്തികയിൽ ജോലിനോക്കുന്ന ജീവനക്കാരിൽ നിന്നും "ലക്ചറർ ഇൻ മെഡിക്കോസോഷ്യോളജി" തസ്തികയിലേയ്ക്ക് അപേക്ഷ ക്ഷണിയ്ക്കുന്നു.

ടി യോഗ്യതയുള്ള (Master's Degree in Sociology II class) മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ "Enquiry Officer / Social Scientist" തസ്തികകളിൽ ഉള്ള ജീവനക്കാർക്കും "ലക്ചറർ ഇൻ മെഡിക്കോസോഷ്യോളജി" തസ്തികയിലേയ്ക്ക് അപേക്ഷ സമർപ്പിക്കാവുന്നതാണ്. എന്നാൽ, പരാമർശം (1) സർക്കാർ ഉത്തരവ് പ്രകാരം, Rehabilitation Co-ordinator തസ്തികയിൽ യോഗ്യരായ അപേക്ഷകർ ഇല്ലാത്ത പക്ഷം മാത്രമേ ടി അപേക്ഷകൾ പരിഗണിയ്ക്കുകയുള്ളൂ.

അപേക്ഷ ഇതോടൊപ്പം ഉള്ളടക്കം ചെയ്തിട്ടുള്ള നിർദ്ദിഷ്ട പ്രൊഫോർമയിൽ ആയിരിക്കേണ്ടതും, അപേക്ഷയോടൊപ്പം യോഗ്യതകൾ തെളിയിക്കുന്ന സർട്ടിഫിക്കറ്റുകളുടെ സാക്ഷ്യപ്പെടുത്തിയ പകർപ്പുകൾ ഉള്ളടക്കം ചെയ്യേണ്ടതുമാണ്.

അപേക്ഷകൾ 15-05-2021 നോ അതിനു മുൻപോ ബന്ധപ്പെട്ട വകുപ്പ് മേധാവി മുഖേന അതാത് പ്രിൻസിപ്പാളിന് സമർപ്പിക്കേണ്ടതും; പ്രിൻസിപ്പാൾമാർ ലഭ്യമായ അപേക്ഷകൾ ജീവനക്കാരുടെ സേവന വിവരങ്ങളുമായി ഒത്തു നോക്കി പരിശോധിച്ച്, നൽകിയിട്ടുള്ള വിവരങ്ങൾ ശരിയാണെന്ന് ഉറപ്പ് വരുത്തി സാക്ഷ്യപ്പെടുത്തി 25-05-2021 നോ അതിനു മുൻപോ ഈ കാര്യാലയത്തിൽ എത്തിക്കേണ്ടതുമാണ്. വൈകി ലഭിക്കുന്നതും, അപൂർണ്ണവും, അനുബന്ധ രേഖകൾ ഉള്ളടക്കം ചെയ്തിട്ടില്ലാത്തതും, നേരിട്ട് ഈ കാര്യാലയത്തിൽ സമർപ്പിക്കുന്നതുമായ അപേക്ഷകൾ യാതൊരു കാരണവശാലും പരിഗണിക്കുന്നതല്ല.

ഡയറക്ടർ

Signature valid
Digitally signed by DR REMLA BEEVI A
Date: 2021.04.22 12:48:24 IST
Reason: Approved

DR REMLA BEEVI A
DIRECTOR

പകർപ്പ് :

1) പ്രിൻസിപ്പൽ, സർക്കാർ മെഡിക്കൽ കോളേജ്,
തിരുവനന്തപുരം / കൊല്ലം / ആലപ്പുഴ / കോട്ടയം / ഇടുക്കി / കോന്നി / എറണാകുളം / തൃശ്ശൂർ / മഞ്ചേരി / കോഴിക്കോട് / കണ്ണൂർ / കാസർഗോഡ് / വയനാട്.
2) പ്രിൻസിപ്പൽ, സർക്കാർ ദന്തൽ കോളേജ്,
തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / തൃശ്ശൂർ / കോഴിക്കോട്.
3) പ്രിൻസിപ്പൽ, സർക്കാർ നഴ്സിംഗ് കോളേജ്,
തിരുവനന്തപുരം / ആലപ്പുഴ / കോട്ടയം / എറണാകുളം തൃശ്ശൂർ / കോഴിക്കോട് / കണ്ണൂർ.

(ക്രമ നം. (1), (2), (3), അതാത് സ്ഥാപനത്തിൽ ജോലിനോക്കുന്ന ടി തസ്തികകളിലെ ജീവനക്കാർക്ക് ഈ പരിപത്രം സമയബന്ധിതമായി രേഖാമൂലം

കൈമാറേണ്ടതാണ്).

4) നോട്ടീസ് ബോർഡ് / വെബ് സൈറ്റ്.

5) സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

**File No.DME/2208/2020-G5**

മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിലെ വിവിധ മെഡിക്കൽ കോളേജുകളിലെ "ലക്ചറർ ഇൻ മെഡിക്കോസോഷ്യോളജി" തസ്തികയിലേയ്ക്ക് (15600-39100 + 5400 AGP ശമ്പള സ്കെയിലിൽ) 6.7.1992 ലെ സർക്കാർ ഉത്തരവ് GO (MS) 94/92/ H&FWD പ്രകാരം

<u>ബൈ ട്രാൻസ്ഫർ മുഖേന നിയമനം ലഭിയ്ക്കുന്നതിനുള്ള അപേക്ഷ.</u>

| | | |
|---|---|---|
| 1. | അപേക്ഷകന്റെ പേര്, തസ്തിക | |
| 2. | ജോലി ചെയ്യുന്ന സ്ഥാപനം | |
| 3. | ജനന തീയതി | |
| 4. | യോഗ്യത, വിദ്യാഭ്യാസം (സർട്ടിഫിക്കറ്റുകളുടെ പകർപ്പ് സഹിതം) | |
| 5. | ശമ്പളം, ശമ്പള നിരക്ക് | |
| 6. | സർക്കാർ സർവ്വീസിൽ പ്രവേശിച്ച തീയതിയും തസ്തികയും | |
| 7. | മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിൽ പ്രവേശിച്ച തീയതി : | |
| 8. | ഇപ്പോൾ സേവനം ചെയ്യുന്ന തസ്തികയിൽ പ്രവേശിച്ച തീയതി (ഉത്തരവിന്റെ പകർപ്പ്) | |
| 9. | ടി തസ്തികയിൽ നിരീക്ഷണകാലസേവനം പൂർത്തിയായതായി പ്രഖ്യാപിച്ച തീയതിയും ഉത്തരവ് നമ്പരും, ഉത്തരവിന്റെ പകർപ്പ് | |
| 10. | യോഗ്യമല്ലാത്ത കാലം (ശൂന്യവേതന അവധി / അച്ചടക്ക നടപടി) | |
| 11. | അച്ചടക്ക നടപടി എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടെങ്കിൽ / നിലവിലുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിവരം. | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിലും ശ്രദ്ധയിലും പെട്ടിടത്തോളം സത്യവും ശരിയുമാണെന്ന് ___________________________________ ആയ

ഞാൻ പ്രസ്താവിക്കുന്നു. മേൽപ്പറഞ്ഞ വിവരങ്ങൾ തെറ്റാണെന്ന് തെളിയുന്ന പക്ഷം എന്നെ മേൽ നിയമനത്തിൽ നിന്നും ഒഴിവാക്കാവുന്നതും നിയമപരമായ അച്ചടക്ക നടപടി സ്വീകരിക്കാവുന്നതുമാണ്.

ഒപ്പ് :

സ്ഥലം : പേരും തസ്തികയും :

തീയതി: സ്ഥാപനം :

അപേക്ഷയിലെ ക്രമ നമ്പർ 1 മുതൽ 11 വരെ രേഖപ്പെടുത്തിയിട്ടുള്ള വിവരങ്ങൾ ടിയാളുടെ സേവന വിവരങ്ങളുമായി ഒത്തു നോക്കിയതിൽ നിന്നും ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തുന്നു.

സ്ഥലം :

തീയതി:

ഒപ്പ് :

പ്രിൻസിപ്പാൾ

ഓഫീസ് മുദ്ര